# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി10-893/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/10/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി10-893/2022 തീയ്യതി: 28/10/2022

## പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2022 | 19-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2022 | 19-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീധരൻ കെ കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽ വി എൻ | സെക്രട്ടറി | 01-04-2021 | 18-01-2022 |
| ശ്രീ. പ്രസാദ് പി | സെക്രട്ടറി | 19-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശിവദാസ് എൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 06-01-2022 |
| ശ്രീ. രാജേഷ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 07-01-2022 | 31-03-2022 |
| ശ്രീമതി ദീപ്തി എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആദില എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഡിവിൻ സെൻ ഗീത് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. രജികുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ഗീത കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. ബിനോയ് ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ്കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ദീപക് ഡി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-08-2021 |
| ശ്രീമതി രജനി പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-08-2021 | 27-08-2021 |
| ശ്രീ. അനിൽകുമാർ എം ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-08-2021 | 31-03-2022 |
| ശ്രീ. വിനോദ്കുമാർ ജി | പ്രഥമാദ്ധ്യാപകൻ | 01-04-2021 | 31-03-2022 |
| ശ്രീമതി രജിത ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രീത എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 07-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 18-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 07-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 18-08-2022)<br>Last Updated By: Johncy John (Computer Assistant, On 10-10-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ<br>Written By: Arun S Nair (Asst. Audit Officer, On 10-10-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 07-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 11-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Kavya Krishnan (Auditor, On 12-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 10-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 1-10 |
| 12 | വിമുക്ത ഭടന്റെ കെട്ടിടത്തിന് ക്രമവിരുദ്ധമായി നികുതി ഇളവ് നൽകി<br>Written By: P Anilkumar (Senior Grade Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-11 |
| 13 | തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധിപ്പിച്ചില്ല<br>Written By: P Anilkumar (Senior Grade Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-12 |
| 14 | വസ്തുനികുതി - പൊതുവായ അപാകതകൾ<br>Written By: P Anilkumar (Senior Grade Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-13 |
| 15 | ലൈസൻസ് ഫീസ് പിരിവ്<br>Written By: P Anilkumar (Senior Grade Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-14 |
| 16 | തൊഴിൽനികുതി പിരിവ് - അപാകതകൾ<br>Written By: P Anilkumar (Senior Grade Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-15 |
| 17 | വിവിധ ഫണ്ടുകൾ ലാപ്സാക്കി<br>Written By: Arun S Nair (Asst. Audit Officer, On 18-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-16 |

| | | |
|---|---|---|
| 18 | പരേതർക്കും ക്ഷേമപെൻഷൻ; സർക്കാർ ഖജനാവിന് നഷ്ടമായത് 5.83 ലക്ഷം രൂപ<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-17 |
| 19 | പരേതരായവരെ ക്ഷേമ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 21-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-17-1 |
| 20 | ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ മൊബൈൽ ക്രിമറ്റോറിയത്തിന് അന്ത്യവിശ്രമം ഒരുക്കി പഞ്ചായത്ത്<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-18 |
| 21 | പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-19 |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - അപാകതകൾ<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-20 |
| 23 | കൊടുമൺ ബസ്-ബേ നിർമ്മാണം - 5.56 ലക്ഷം രൂപ ചെലവഴിച്ച പദ്ധതി മുടങ്ങികിടക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 20-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-21 |
| 24 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-22 |
| 25 | ബാരൽ വില ഈടാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-23 |
| 26 | സ്കോളർഷിപ്പ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Arun S Nair (Asst. Audit Officer, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-24 |
| 27 | ടാറിംഗ് പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം ഈടാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-25 |
| 28 | കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കില്ല<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-26 |
| 29 | ഒറ്റത്തേക്ക് സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് – പദ്ധതി നടപ്പിലാക്കിയില്ല – വൈദ്യുതീകരണത്തിന് ചെലവഴിച്ച തുക പാഴായി<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-27 |
| 30 | മുൻകൂറായി തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Kavya Krishnan (Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-28 |
| 31 | മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Kavya Krishnan (Auditor, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-29 |

| | | |
|---|---|---|
| 32 | മാലിന്യ നിർമ്മാർജ്ജനം - അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-30 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-31 |
| 34 | പകൽ വീടുകൾ ഉപയോഗിക്കാത്ത അവസ്ഥയിൽ<br>Written By: Arun S Nair (Asst. Audit Officer, On 18-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-32 |
| 35 | തെരുവ് വിളക്ക് പരിപാലനം – 9 ലക്ഷം രൂപ മതിപ്പ് ചെലവുള്ള പദ്ധതി ഇ-ടെണ്ടർ ചെയ്തില്ല<br>Written By: T Anilkumar (Audit Officer (HG), On 21-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 1-33 |
| 36 | തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് പരിപാലനം ഇല്ലാതെ മുടങ്ങി കിടക്കുന്നു<br>Written By: T Anilkumar (Audit Officer (HG), On 21-08-2022)<br>Last Updated By: Johncy John (Computer Assistant, On 20-10-2022) | 1-34 |
| 37 | അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല<br>Written By: T Anilkumar (Audit Officer (HG), On 22-08-2022)<br>Last Updated By: Johncy John (Computer Assistant, On 11-10-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 09-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 10-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 09-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 09-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 19-10-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 19-08-2022)<br>Last Updated By: Johncy John (Computer Assistant, On 12-10-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 08-08-2022)<br>Last Updated By: Johncy John (Computer Assistant, On 28-10-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

538078 രൂപ മുന്നിരിപ്പും 251128738 രൂപ വരവും 186777700 രൂപ ചെലവും 64889116 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 27.2.2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 15.3.2022-ലെ 3(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 28.5.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-4-ൽ Centrally Sponsored Scheme – ICDS എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (346369) തെറ്റാണ്. നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ കണക്കുകൾ പ്രകാരം ഈയിനത്തിൽ ബാലൻസ് ഇല്ല.

2. ഷെഡ്യൂൾ ബി-4-ൽ Grants From Suchitwa Mission എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസിന്റെ (4646014) കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമല്ല.

3. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 5094391 രൂപയാണ്, എന്നാൽ വർഷാവസാനം 2967999 രൂപ മാത്രമാണ് ഒടുക്കാൻ അവശേഷിക്കുന്നത്.

4. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ഷെഡ്യൂൾ ബി-12-ൽ ഇൻവെസ്റ്റ്മെന്റ്സ് എന്ന് ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക (153375) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ജില്ലാ സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും ലഭിച്ച തുക തെറ്റായി ഉൾപ്പെടുത്തിയതാണ്.

6. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

7. വികസന ഫണ്ട് (ജനറൽ, എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവയിലെ ചെലവ് തുകകൾ ബന്ധപ്പെട്ട ഏ.സി.ആറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9. ഷെഡ്യൂൾ ബി-4-ൽ ധനകാര്യ കമ്മീഷന്റെ ബാലൻസായി രേഖപ്പെടുത്തിയ തുക തെറ്റാണ്.

10. ഷെഡ്യൂൾ RP-7 ൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28523333 |
| വരവ് | 105229453 |
| ആകെ | 133752786 |
| ചെലവ് | 101697128 |
| നീക്കിയിരിപ്പ് | 32055658 |

## 1-4 ഗ്രാന്റ് വിനിയോഗം

| *ഗ്രാന്റ്* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17657461 | 17657461 | 14809458 | 2848003 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 18788718 | 18788718 | 16683066 | 2105652 |
| വികസന ഫണ്ട് | 0 | 14700 | 14700 | 0 | 14700 |

| | | | | | |
|---|---|---|---|---|---|
| (റ്റി.എസ്.പി) | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8328700 | 8328700 | 1649543 | 6679157 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4463860 | 4463860 | 3774070 | 689790 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7507000 | 7507000 | 4169618 | 3337382 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6895428 | 6895428 | 3610206 | 3285222 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 22067 | 0 | 22067 | 0 | 22067 |
| PYCKA | 29886 | 0 | 29886 | 0 | 29886 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 1652 | 67502554 | 67503846 | 67504206 | 0 |
| ഐ.സി.ഡി.എസ് | 0 | 713445 | 713445 | 713445 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - അപാകതകൾ

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയ തുകയായ 1314000 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസനഫണ്ട് (ജനറൽ) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് 791247 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് 763419 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസനഫണ്ട് (SCP) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2021-22 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 140 | 128503802 | 106 | 70260723 | 34 | 54.67 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 14 | 11422723 | 4405171 | 38.56 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 2705800 | 1850800 | 68.40 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 46 | 31 | 18430117 | 9370954 | 50.84 |
| കൃഷി ഓഫീസർ | 17 | 16 | 23795125 | 8893984 | 37.38 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 12 | 55543900 | 33669915 | 60.62 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 6702636 | 4714973 | 70.34 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 2419697 | 2127874 | 87.94 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 1900000 | 1650000 | 86.84 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 700000 | 700000 | 100.00 |
| പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 2 | 2 | 1535000 | 1495000 | 97.39 |
| വെറ്ററിനറി സർജൻ | 6 | 4 | 1407080 | 480080 | 34.12 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 811548 | 57.97 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 541724 | 90424 | 16.69 |
| ആകെ | 140 | 106 | 128503802 | 70260723 | 54.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1652 | 1420036 | 1421688 | 1421688 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 66082518 | 66082518 | 66082518 | 0 |
| ആകെ | 1652 | 67502554 | 67503846 | 67504206 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2793 | 40169100 |
| വിധവാ പെൻഷൻ | 1243 | 19201200 |
| കർഷക തൊഴിലാളി പെൻഷൻ | 467 | 7478300 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 377 | 5928100 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 50 | 746500 |
| തൊഴിൽ രഹിത വേതനം | 2 | 4080 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 10-08-2022, 4.05 P.M.-ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 12017(പന്ത്രണ്ടായിരത്തി പതിനേഴ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിരീക്ഷണ/നിയന്ത്രണ സംവിധാനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമമല്ല. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. ഇക്കാര്യത്തിലുള്ള തങ്ങളുടെ ഉത്തരവാദിത്വം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും കൃത്യമായി നിർവ്വഹിക്കുന്നില്ല.

2021-22 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത 36 പ്രവൃത്തികളിൽ, 69.89 ലക്ഷം രൂപ അടങ്കലുള്ള 16 പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് തൻവർഷം നൽകിയിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിൽതന്നെ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ വർഷാന്ത്യത്തിലേക്ക് നീണ്ടുപോയതായാണ് കണ്ടത്. യഥാസമയം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുന്നതിനും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി എഗ്രിമെന്റിലേർപ്പെടുന്നതിലും അസാധാരണമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. 2021 സെപ്റ്റംബർ മാസമാണ് 2021-22-ലെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്. പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെടുന്ന പ്രക്രിയ വർഷാന്ത്യത്തിലേക്ക് നീണ്ടുപോയി. 7 പ്രവൃത്തികളുടെ എഗ്രിമെന്റ് 2022 മാർച്ചിലും, മൂന്ന് പ്രവൃത്തികളുടേത് മാർച്ച് മാസത്തിനുശേഷവുമാണ് വെച്ചിട്ടുള്ളത്.

ഓഡിറ്റ് കാലയളവിൽ കരാറുകാർക്കിടയിൽ അനാരോഗ്യകരമായ മത്സരം നിലനിന്നിരുന്നതായും അസാധാരണമാംവിധം കുറഞ്ഞ നിരക്കുകളിൽ (30 മുതൽ 36 ശതമാനം വരെ) കരാറെടുത്തിട്ടുള്ളതായും കണ്ടു. ഇത് അടങ്കലുകൾ പെരുപ്പിച്ച് തയ്യാറാക്കുന്നതുകൊണ്ടോ, അടങ്കലുകൾക്കനുസരിച്ച് കൃത്യമായി പണി ചെയ്യാത്തതിനാലോ ആകാനാണ് സാധ്യത. ഇത്തരത്തിൽ കുറഞ്ഞ നിരക്കുകളിൽ ടെണ്ടർ ഏറ്റെടുക്കുകയാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് ഉത്തര/ദക്ഷിണ/നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെയോ, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയോ രേഖാമൂലം അറിയിക്കണമെന്നും, ആയത് പ്രസ്തുത മേലുദ്യോഗസ്ഥർ മോണിട്ടർ ചെയ്യണമെന്നും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്നെങ്കിലും (04.10.18-ലെ ഡിബി6/10971 /2013/സിഇ/തസ്വഭവ നമ്പർ സർക്കുലർ) പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടതായി കണ്ടില്ല. ഈ സാഹചര്യത്തിൽ മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് ഇല്ലാത്തത് വലിയ വീഴ്ചയായി ഓഡിറ്റ് വീക്ഷിക്കുന്നു.

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും, ഫോൺ നമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺ നമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി ചെയ്യേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെട്ടിട്ടില്ല. സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ സമിതികളെയും പ്രാദേശിക മോണിട്ടറിംഗിന് ചുമതലപ്പെടുത്തിയിരുന്നില്ല. പദ്ധതി നിർവ്വഹണ പുരോഗതിയും, ഭൗതികനേട്ടവും മുകൾതലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം പ്രവർത്തനസജ്ജമാക്കാതിരുന്നത് വലിയ പോരായ്മയാണ്.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനവും നിയന്ത്രണവും കാര്യക്ഷമമല്ല. തെരുവ് വിളക്ക് തെളിയിക്കുന്നതിന് പഞ്ചായത്ത് പരമ്പരാഗത 40W ട്യൂബ് ലൈറ്റുകളാണ് ഉപയോഗിച്ചുവരുന്നത്. പഞ്ചായത്ത് പരിധിയിൽ 2645 സിംഗിൾ ട്യൂബ് സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളതായാണ് കണക്ക്. ഊർജ്ജോപഭോഗവും, പരിപാലന ചെലവും കൂടിയ ട്യൂബ് ലൈറ്റുകൾ തെരുവ് വിളക്ക് തെളിയിക്കുന്നതിന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിലൂടെ വലിയ തോതിലുള്ള ഊർജ്ജ നഷ്ടവും, പഞ്ചായത്തിന് വൈദ്യുതി ചാർജ്ജ് ഇനത്തിൽ അധിക ചെലവും ഉണ്ടാകുന്നു. ഇവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി വൻതുകയാണ് പഞ്ചായത് വർഷാവർഷം ചെലവഴിക്കേണ്ടിവരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡിയിലേക്ക് മാറ്റുന്നതിന് സർക്കാർ കൊണ്ടുവന്ന 'നിലാവ്' പദ്ധതിയിൽ പഞ്ചായത്ത് പങ്ക് ചേർന്നിട്ടില്ല.

ഇതിനെല്ലാം ഉപരിയായി പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പൂർത്തിയാക്കിയിട്ടില്ല. നിലവിൽ ഏഴംകുളം സെക്ഷന്റെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ മാത്രമാണ് മീറ്ററിംഗ് സംവിധാനം നിലവിലുള്ളത്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്. വൈദ്യുതി ചാർജ്ജ് നിയന്ത്രണവിധേയവും, ന്യായയുക്തവുമാക്കുന്നതിന് മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറേണ്ടത് അനിവാര്യമാണ്. ഇത് സംബന്ധിച്ച് 03.09.21-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയിട്ടുള്ളതായി കണ്ടില്ല.

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പുതിയ ഭരണ സമിതി നിലവിൽവന്നതിനുശേഷം സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിൽനിന്നും തെരഞ്ഞെടുത്ത രണ്ട് അംഗങ്ങളെ ഉൾപ്പെടുത്തി പ്രോക്യൂർമെന്റ് കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടില്ല. ഓഡിറ്റ് വർഷം മൂന്ന് തവണ പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട് (20/01/22, 16/02/22, 17/03/22). എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയിട്ടുള്ള എല്ലാ പർച്ചേസുകളും പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ല നടത്തിയിട്ടുള്ളതെന്നാണ് ഓഡിറ്റിൽ വ്യക്തമായിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.2020 – 11.11.2020 | 2015-16 മുതൽ 2019-20 വരെ | 21.12.2020 |
| പെർഫോമൻസ് ഓഡിറ്റ് | 24.6.2022- 25.6.2022 | 1/2022 മുതൽ 3/2022 വരെ | 25.6.2022 |

## 1-11 വിമുക്ത ഭടന്റെ കെട്ടിടത്തിന് ക്രമവിരുദ്ധമായി നികുതി ഇളവ് നൽകി

വിമുക്ത ഭടൻ വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് ക്രമവിരുദ്ധമായി നികുതി ഇളവ് നൽകി. 2000ചതുരശ്ര അടിയിൽ അധികമുള്ള കെട്ടിട ഭാഗത്തിന്റെ നികുതിയാണ് ഇപ്രകാരം ഒഴിവാക്കിയത്.

ശ്രീമതി ബിന്ദുമോൾ എസ്, ശ്രീ ലാൽ കുമാർ പി. എസ്. എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള, 2164.69 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനധികൃത നിർമ്മാണം (വാസഗൃഹം) ക്രമവൽക്കരിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. പത്തനംതിട്ട ജില്ലയിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുവേണ്ടിയുള്ള കമ്മറ്റിയുടെ ഉത്തരവ് നം.TCPPTA/355/2019-C-04/06/2019പ്രകാരം പ്രസ്തുത നിർമ്മാണം 20000 രൂപ കോംപൌണ്ടിങ്ങ് ഫീ ഈടാക്കി ക്രമവൽക്കരിച്ച് നൽകുന്നതിന് പഞ്ചായത്തിന് അനുമതി ലഭ്യമായിരുന്നു.

മേൽപ്പറഞ്ഞ കെട്ടിടത്തിന് VII/741 എന്ന നമ്പർ നൽകിയിട്ടുള്ളതായും, വിമുക്ത ഭടന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം എന്ന നിലയിൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയിട്ടുള്ളതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. നികുതി നിർണ്ണയം, നികുതി ഒഴിവാക്കൽ എന്നിവ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഫയലിൽ ഇല്ല. വിമുക്ത ഭടൻ/വിമുക്ത ഭടന്റെ ഭാര്യ/ വിമുക്ത ഭടന്റെ വിധവ എന്നിവരുടെ താമസത്തിനായി ഉപയോഗിക്കുന്ന, 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീടിന് നികുതി ഈടാക്കേണ്ടതില്ലെന്നും 2000 ചതുരശ്ര അടിയിൽ കൂടുതൽ തറവിസ്തീർണ്ണം വരുന്നപക്ഷം, കൂടുതലായുള്ള ഭാഗത്തിന് നികുതി ഈടാക്കേണ്ടതാണെന്നും 26.05.2017ലെ ജി.ഒ.. (എം.എസ്.) നം 106/2017/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ, 2164.69 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി പൂർണ്ണമായി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം. 17/ തീയതി: 10.08.2022) നൽകിയിരുന്നു. നികുതി ഒഴിവാക്കിയത് പുന: പരിശോധിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത വീടിന്റെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-12 തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധിപ്പിച്ചില്ല

കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് ഏർപ്പെടുത്താതിരിക്കുന്നതുമൂലം പഞ്ചായത്തിന് നികുതി നഷ്ടമുണ്ടായി.

മേൽത്തരം നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് തറ നിർമ്മിച്ചിരിക്കുന്ന, 250ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ സംഗതിയിൽ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 6-ലെ പട്ടിക 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം നികുതി വർദ്ധനവ് വരുത്താത്ത കെട്ടിടങ്ങളുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. 2021-22ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് ഇപ്രകാരം അനർഹമായി നികുതി ഇളവ് നൽകിയിട്ടുള്ളതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം (ച.മീ.) | ബാധകമായ നികുതി നിരക്ക് | 15% വർദ്ധനവ് വരുത്താത്തതിനാൽ നികുതി നഷ്ടം [5%ലൈബ്രറി സെസ്സ് ഉൾപ്പെടെ] |
|---|---|---|---|---|---|

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 1. | XIII/ 3A To F | ശ്രീ രവീന്ദ്രൻ, നിയോൺ ഹൗസ് | 271.92 | ₹70/m2 | 2998 |
| 2 | XVII/49A To J | ശ്രീ മാജി ജോഷ്വ | 987.94 | ₹70/m2 | 10892 |

ഈ വിഷയം ഓഡിറ്റ് എൻക്വയറി (നം.15/06.08.2022) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. 250 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണം സെലക്ട് ചെയ്യാൻ സഞ്ചയയിൽ ഓപ്ഷനില്ല എന്ന് മറുപടി ലഭ്യമാക്കി. മുൻ വർഷങ്ങളിൽ നികുതി നിർണ്ണയിച്ച, 266.42 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള XV/200A നമ്പർ കെട്ടിടത്തിനും, 270.28 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള, XV/162A നമ്പർ കെട്ടിടത്തിനും ഇപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടുള്ളതായി സഞ്ചയ മുഖേനയുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ സെക്രട്ടറി നൽകിയ ഈ മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി - പൊതുവായ അപാകതകൾ

വസ്തുനികുതി നിർണ്ണയിച്ചതിനുശേഷം കെട്ടിടത്തിന്റ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ 6-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഏതെങ്കിലും തരത്തിന്റെയോ ഘടകത്തിന്റെയോ കാര്യത്തിൽ കെട്ടിട ഉടമ മാറ്റം വരുത്തുന്ന പക്ഷം ആയത് പരിശോധിച്ച് വസ്തുനികുതി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1), (2), (3) എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ നികുതിയിൽ വർദ്ധനവുണ്ടാകുന്നതാണ്. എന്നാൽ നികുതി നിർണ്ണയം നടത്തിയതിനുശേഷം പഞ്ചായത്തിൽനിന്ന് പെർമിറ്റ് എടുക്കാതെ കെട്ടിട ഭാഗങ്ങൾ/അധിക നിലകൾ കൂട്ടിച്ചേർക്കുക, ഉപയോഗക്രമത്തിൽ മാറ്റം വരുത്തുക എന്നീ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേക പരിശോധന നടത്തുകയോ നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിവരം സംബന്ധിച്ച് ചട്ടം 20 (1) ൽ നിഷ്കർഷിക്കും പ്രകാരം ഫോറം 10ൽ ഉള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല

നിലവിൽ പഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗ്രാമപ്പഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 200-ാം വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. വസ്തുനികുതിയിന്മേൽ ചുമത്താവുന്ന സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്ക് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 27 ൽ പ്രതിപാദിച്ചിട്ടുണ്ട്. അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനാൽ വസ്തുനികുതിയിന്മേൽ സേവന ഉപനികുതി ചുമത്തുന്നത് പഞ്ചായത്തിന് പരിഗണിക്കാവുന്നതാണ്.

## 1-14 ലൈസൻസ് ഫീസ് പിരിവ്

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ സ്ഥാപനങ്ങളുടെ എണ്ണം 454 ആണ്. ഇവയിൽ 359 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസിനുള്ള അപേക്ഷകൾ 2022 മാർച്ച് മാസം വരെ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് എടുത്ത തീയതി |
|---|---|
| TABROS AGRO FOODS - CASHEW FACTORY | 21.01.2022 |
| GO GAS AGENCY | 18.01.2022 |

2022 ജനവരിക്കുശേഷം ഇത്തരത്തിൽ 33ലൈസൻസുകൾ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളെ യഥാസമയം ലൈസൻസ് എടുപ്പിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. അനധികൃതമായി പ്രവർത്തിക്കുന്ന

സ്ഥാപനങ്ങളെ കണ്ടെത്തി, അവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ട് പ്രകാരം കൊടുമൺ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 23 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇവ ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. 2021-22 സാമ്പത്തികവർഷത്തെ ലൈസൻസ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ, പ്രസ്തുത സ്ഥാപന ഉടമകളിൽനിന്നും അവയിലെ ജീവനക്കാരിൽനിന്നും ലഭിക്കേണ്ട തൊഴിൽനികുതിയും നഷ്ടപ്പെട്ടു. ഈ വിഷയം 04.08.2022-ൽ ഓഡിറ്റ് എൻക്വയറി (നം.4) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. റേഷൻ റീട്ടെയിൽ ഷോപ്പുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 തൊഴിൽനികുതി പിരിവ് - അപാകതകൾ

ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽനികുതി അടച്ചിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കല്ലുക്കാട്ടിൽ ഫൈനാൻസിയേഴ്സ് | I & II |
| സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ചന്ദനപ്പള്ളി | I & II |
| കൊടുമൺ ക്ഷീരോല്പാദക സഹകരണ സംഘം | II |

ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി അടച്ചിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ചന്ദനപ്പള്ളി | I & II |
| കൊടുമൺ ക്ഷീരോല്പാദക സഹകരണ സംഘം | II |

ഈ വിഷയം 04.08.2022-ൽ ഓഡിറ്റ് എൻക്വയറി (നം.6) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. എല്ലാ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി.

കൊടുമൺ പൊലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, സിവിൽ പൊലീസ് ഓഫീസർ, വുമൺ സിവിൽ പൊലീസ് ഓഫീസർ, സീനിയർ സിവിൽ പൊലീസ് ഓഫീസർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ് (ഗ്രേഡ്) എന്നീ റാങ്കുകളിലുള്ള ഉദ്യോഗസ്ഥരുടെ തൊഴിൽനികുതി അടച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. എന്നാൽ സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ്, ഓഫീസ് മേധാവിയായ ഇൻസ്പെക്ടർ ഓഫ് പൊലീസ് എന്നീ വിഭാഗം ഉദ്യോഗസ്ഥരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. പ്രസ്തുത ഉദ്യോഗസ്ഥർ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകണമെന്ന് 04.08.2022ൽ ഓഡിറ്റ് എൻക്വയറി (നം.6) മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിവിധ ഫണ്ടുകൾ ലാപ്സാക്കി

2021-22 വർഷം ലഭിച്ച വിവിധ ഫണ്ടുകളും അവയുടെ ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു-

| *ഫണ്ട് ഇനം* | *വരവ്* | *ചെലവ്* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17657461 | 14809458 | 2848003 | 83.87 |
| വികസന ഫണ്ട് (എസ്.സി.പി) | 18788718 | 16683066 | 2105652 | 88.79 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 14700 | 0 | 14700 | 0.00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7507000 | 4169618 | 3337382 | 55.54 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6895428 | 3610206 | 3285222 | 52.35 |
| | | | 18270116 | |

സംരക്ഷണ ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ ചെലവ് വളരെ കുറവാണ്. റ്റി.എസ്.പി ഫണ്ട് പൂർണ്ണമായി ലാപ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗത്തിൽ ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന്റെ കാരണങ്ങൾക്ക് (ഗുണഭോക്താക്കളുടെ അഭാവം, ഗുണഭോക്തൃ വിഹിതം ഒടുക്കാനുള്ള പ്രയാസം, ടെണ്ടർ നടപടികളുടെ കാലതാമസം, സാധനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ) പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. സമയബന്ധിതമായി ഫണ്ടുകൾ ചെലവഴിക്കാത്തത് മൂലം പഞ്ചായത്തിന് 1.82 കോടി രൂപ നഷ്ടപ്പെട്ടു. ഈ വിഷയം പരിശോധിക്കേണ്ടതും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 പരേതർക്കും ക്ഷേമപെൻഷൻ; സർക്കാർ ഖജനാവിന് നഷ്ടമായത് 5.83 ലക്ഷം രൂപ

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, 2019 മുതൽ ഓഡിറ്റ് തീയതിവരെ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ട 24 പേരുടെ അക്കൗണ്ടുകളിലേക്ക് ടി ആൾക്കാരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടില്ലതായി വ്യക്തമായി. ഇപ്രകാരം ക്രഡിറ്റ് ചെയ്ത തുക മരണപ്പെട്ട പെൻഷണർമാരുടെ ബന്ധുകൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിരിക്കാനാണ് സാധ്യത. ഈ ഇനത്തിൽ 582700 രൂപ പൊതു ഖജനാവിന് നഷ്ടമായതായാണ് ഓഡിറ്റ് കണക്കാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി/ മരണ രജി. നം. | അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | |
| 1 | രാഘവൻ<br>15/293, രവീന്ദ്ര വിലാസം, ഐക്കാട്, കൊടുമൺ പി.ഒ. | 104210200670 | വാർദ്ധക്യകാല പെൻഷൻ | 27/11/2019<br>209/2019 | 12/19 - 05/22 | 46400 | 67099289748<br>(SBIN0070560 -KODUMON)<br>06/22-ൽ അക്കൗണ്ട് ക്ലോസ് ചെയ്തു |
| 2 | പി.കെ.രാജു<br>16/409, പണയിൽ വീട്, ഐെയ്ക്കാട്, കൊടുമൺ പി.ഒ. | 104210202986 | വാർദ്ധക്യകാല പെൻഷൻ | 16/11/2019<br>204/2019 | 12/19 - 06/22 | 45400 | 40315100300093 (KLGB0040315-CHANDANAPALLY) |
| 3 | തങ്കമ്മ<br>കൊച്ചുവീട്ടിൽ, ഐക്കാട്, കൊടുമൺ പി.ഒ. | 104210200137 | വാർദ്ധക്യകാല പെൻഷൻ | 24/12/2019<br>1/2020 | 01/20 - 04/21 | 24100 | 10420100100641 (FDRL0001042-ADOOR)<br>5/21-ൽ അക്കൗണ്ട് ക്ലോസ് ചെയ്തു |
| 4 | ശാമുവേൽ സി.വി.<br>10/533, പൂവണ്ണംനിൽക്കുന്നതിൽ, കൊടുമൺ കിഴക്ക്, കൊടുമൺ പി.ഒ., | 104210201570 | വാർദ്ധക്യകാല പെൻഷൻ | 27/02/2020<br>47/2020 | 03/20 – 06/22 | 18000 | 12010100121354 (FDRL0001201-CHANDANAPPALLY) |
| 5 | കല്യാണി<br>1/603, ചാരുങ്കൽ, ഇടത്തിട്ട പി.ഒ | 104110600054 | വിധവ പെൻഷൻ | 07/01/2020<br>60/2020 | 02/20 - 06/22 | 41800 | 67206603431 (SBIN0070560-KODUMON) |
| 6 | രാജൻ വി.കെ.<br>6/72, വയണക്കുന്ന് മുരുപ്പേൽ, അങ്ങാടിക്കൽ സൗത്ത് പി.ഒ. | 104210201958 | വാർദ്ധക്യകാല പെൻഷൻ | 12/03/2020<br>62/2020 | 04/20 - 06/22 | 40600 | 40315101013010 (KLGB0040315-CHANDANAPALLY) |
| 7 | ജേക്കബ് വർഗ്ഗീസ്<br>13/550, പ്ലാംകൂട്ടത്തിൽ, കൊടുമൺ പി.ഒ. | 104210202139 | വാർദ്ധക്യകാല പെൻഷൻ | 22/04/2020<br>77/2020 | 05/20 - 06/22 | 39300 | 67205850618 (SBIN0070560-KODUMON) |
| 8 | സരസ്വതി.ജെ<br>7/64, ആമ്പാടിയിൽ വീട്, കൊടുമൺ, അങ്ങാടിക്കൽ സൗത്ത് പി.ഒ., | 104210201174 | വാർദ്ധക്യകാല പെൻഷൻ | 08/06/2020<br>104/2020 | 07/20 - 06/22 | 36700 | 67206423131 (SBIN0070560-KODUMON) |
| 9 | രവീന്ദ്രൻ സി.കെ.<br>16/306, അശ്വതി ഭവൻ, | 104210202052 | വാർദ്ധക്യകാല പെൻഷൻ | 21/06/2020<br>106/2020 | 07/20 - 06/22 | 37500 | 57058351802 (SBIN0070560- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൊടുമൺ പി.ഒ. | | | | | | KODUMON) |
| 10 | ശാന്തമ്മ മാത്യു<br>12/243, ഉദിക്കമണ്ണിൽ, കൊടുമൺ പി.ഒ. | 104210201673 | വാർദ്ധക്യകാല പെൻഷൻ | 28/06/2020<br>110/2020 | 07/20 - 06/22 | 36700 | 67311216239 (SBIN0070560-KODUMON) |
| 11 | മുണ്ടി<br>14/390, വടക്കുപുറത്ത് കിഴക്കേതിൽ, ഐക്കാട്, കൊടുമൺ പി.ഒ. | 104210200445 | വാർദ്ധക്യകാല പെൻഷൻ | 11/08/2020<br>133/2020 | 09/20 - 06/22 | 34500 | 67206404583 (SBIN0070560-KODUMON) |
| 12 | തങ്കപ്പൻ<br>16/33, സുരേഷ് ഭവനം, ഇടത്തിട്ട പി.ഒ. | 104210202049 | വാർദ്ധക്യകാല പെൻഷൻ | 20/09/2020<br>161/2020 | 10/20 | 1400 | 67365576050 (SBIN0070560-KODUMON) |
| 13 | സോമൻ<br>15/82, കൊച്ചുവിളയിൽ, ഐക്കാട്, കൊടുമൺ പി.ഒ. | 104210200503 | വാർദ്ധക്യകാല പെൻഷൻ | 06/11/2020<br>186/2020 | 12/20 - 06/22 | 30000 | 67352172336 (SBIN0070560-KODUMON) |
| 14 | ഗൗരിയമ്മ<br>മാതരംപള്ളിൽ, കൊടുമൺ, അങ്ങാടിക്കൽ നോർത്ത് പി.ഒ. | 104210200072 | വാർദ്ധക്യകാല പെൻഷൻ | 14/01/2021<br>11/2021 | 02/21 - 06/22 | 27000 | 57029632163 (SBIN0070957-CHANDANAPPALLY) |
| 15 | പൊന്നമ്മ രാഘവൻ<br>11/157, മൂവേലിൽ വടക്കേതിൽ, കൊടുമൺ പി.ഒ. | 104210601426 | വിധവ പെൻഷൻ | 31/08/2020<br>21/2021 | 09/20 - 06/22 | 34100 | 67038341065 (SBIN0070560-KODUMON) |
| 16 | റ്റി.സി.കുഞ്ഞുമോൻ<br>7/447, ഗിരീഷ്ഭവനം, എരുത്വാകുന്ന്, കൊടുമൺ പി.ഒ. | 104210200622 | വാർദ്ധക്യകാല പെൻഷൻ | 11/06/2021<br>102/2021 | 07/21 - 06/22 | 19200 | 67190778347 (SBIN0070560-KODUMON) |
| 17 | മേരിക്കുട്ടി തോമസ്സ്<br>10/122, കിണറ്റിൻകര, കൊടുമൺ ഈസ്റ്റ് പി.ഒ. | 104210202338 | വാർദ്ധക്യകാല പെൻഷൻ | 20/04/2021<br>107/2021 | 05/21 - 06/22 | 15600 | 67206518320 (SBIN0070560-KODUMON) |
| 18 | ഓമനയമ്മ<br>11/655, തയ്യില് വടക്കേതില്, കൊടുമൺ പി.ഒ. | 104210202093 | വാർദ്ധക്യകാല പെൻഷൻ | 10/07/2021<br>131/2021 | 08/21 - 06/22 | 17600 | 67208021892 (SBIN0070560-KODUMON) |
| 19 | സരസമ്മ<br>7/24, ശ്രീവിലാസം, അങ്ങാടിക്കൽ സൗത്ത് പി.ഒ. | 104210201655 | വാർദ്ധക്യകാല പെൻഷൻ | 20/05/2021<br>133/2021 | 06/21 - 06/22 | 20800 | 67208415414 (SBIN0070560) |
| 20 | രാജൻ പി.കെ.<br>1/354, പെരുമല പുത്തൻവീട്, ചന്ദനപ്പള്ളി പി.ഒ. | 104210202382 | വാർദ്ധക്യകാല പെൻഷൻ | 03/01/2022<br>7/2022 | 02/22 - 06/22 | 8000 | 57029635732 (SBIN0070957-CHANDANAPPALLY) |
| 21 | ശിവദാസൻ നായർ ആർ.<br>10/133, സിന്ധുഭവൻ, കൊടുമൺ പി.ഒ. | 104210202304 | വാർദ്ധക്യകാല പെൻഷൻ | 06/03/2022<br>59/2022 | 04/22 - 06/22 | 4800 | 67378284938 (SBIN0070957-CHANDANAPPALLY) |
| 22 | രാഘവൻ<br>4/297, പാലത്ത് വീട്, കൊടുമൺ, അങ്ങാടിക്കൽ സൗത്ത് പി.ഒ. | 104210200551 | വാർദ്ധക്യകാല പെൻഷൻ | 28/05/2022<br>99/2022 | 06/22 | 1600 | 67353867939 (SBIN0070560-KODUMON) |
| 23 | ശാമുവേൽ ജി.<br>4/340, ഇലവുംമൂട്ടിൽ, കൊടുമൺ ഈസ്റ്റ് പി.ഒ. | 104210200713 | വാർദ്ധക്യകാല പെൻഷൻ | 28/05/2022<br>117/2022 | 06/22 | 1600 | 67003687333 (SBIN0070560-KODUMON) |
| | ആകെ | | | | | 582700 | |

മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള മുഴുവൻ പെൻഷൻ തുകയും അവരുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കാൻ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണേഴ്സിന്റെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

നിലവിൽ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് 'സേവന സിവിൽ രജിസ്ട്രേഷൻ' വെബ്സൈറ്റിൽ ലഭ്യമായ മരണ രജിസ്ട്രേഷൻ ഡാറ്റയുമായി താരതമ്യം ചെയ്ത് മരണപ്പെട്ട എല്ലാവരെയും ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17-1 പരേതരായവരെ ക്ഷേമ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കിയില്ല

കൊടുമൺ ഗ്രാമപഞ്ചായത്തിൽ 2019 വർഷം ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗ് നടന്നതിനുശേഷം മരിച്ചവരുടെ പേരുകൾ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക കൈമാറാൻ കഴിയാത്തതിനാൽ തിരിച്ചടച്ചിട്ടുണ്ടെങ്കിലും വീണ്ടും എല്ലാ മാസവും ഇവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിനോടൊപ്പം വിതരണം ചെയ്യുന്ന ഏജന്റിനുള്ള തുകയും അനുവദിക്കുന്നുണ്ട്. പെൻഷൻ തുക വിതരണം ചെയ്യാത്തത് തിരിച്ചടച്ചാലും വിതരണം ചെയ്യുന്ന ആൾക്കുള്ള കമ്മീഷൻ തുക തിരിച്ചടയ്ക്കേണ്ടതില്ല. ഈ ഇനത്തിൽ മൂന്ന് വർഷങ്ങളിലായി വലിയ തുകയാണ് സർക്കാരിന് നഷ്ടമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ പെൻഷൻ വാങ്ങുന്ന 5173 ഗുണഭോക്താക്കളിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ മരണ രജിസ്ട്രേഷൻ വിവരങ്ങൾ ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് 40-ൽ അധികം ഗുണഭോക്താക്കൾക്ക് മരിച്ചതിനുശേഷവും പെൻഷൻ നൽകിയതായി കണ്ടെത്തിയിട്ടുള്ളത്. പരിശോധനയിൽ കണ്ടെത്തിയ മരണപ്പെട്ട പെൻഷണർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണ രജി. നം. | മരണപ്പെട്ട തീയതി |
|---|---|---|---|---|
| 1 | വിജയകുമാരൻ നായർ | 104210400044 | 222/2019 | 21/12/2019 |
| 2 | ഏലിക്കുട്ടിബേബി | 104210201887 | 216/2019 | 11/08/2019 |
| 3 | സൂസമ്മജോർജ്ജ് | 104210201385 | 214/2019 | 28/11/2019 |
| 4 | എം.കെ.നടരാജൻ | 104210201795 | 213/2019 | 24/11/2019 |
| 5 | ഓമന | 104210600166 | 201/2019 | 10/11/2019 |
| 6 | ലക്ഷ്മികുട്ടിയമ്മ | 104210200682 | 199/2019 | 27/10/2019 |
| 7 | പൊന്നമ്മകുര്യൻ | 104210601082 | 198/2019 | 14/11/2019 |
| 8 | കുഞ്ഞമ്മശോശാമ്മ | 104210500016 | 193/2019 | 29/10/2019 |
| 9 | പൊന്നമ്മ | 104210200030 | 190/2019 | 27/10/2019 |
| 10 | ദാമോദരക്കുറുപ്പ് (ഹരിപ്രസാദ്സ്വാമി) | 104210200756 | 181/2019 | 05/10/2019 |
| 11 | ചെല്ലമ്മ | 104210201408 | 176/2019 | 06/10/2019 |
| 12 | സരസമ്മ | 104210600470 | 173/2019 | 24/09/2019 |
| 13 | തങ്കമണി | 104210600174 | 172/2019 | 23/09/2019 |
| 14 | ഗംഗാധരൻ ആചാരി | 104210200632 | 167/2019 | 08/09/2019 |
| 15 | മറിയാമ്മ | 104210201291 | 163/2019 | 12/09/2019 |
| 16 | സദാനന്ദൻ | 104210200731 | 152/2019 | 16/08/2019 |
| 17 | പി.എൻ. സഹദേവൻ | 104210202490 | 149/2019 | 18/08/2019 |
| 18 | കെ.കെ.ശശിധരൻ | 104210201355 | 147/2019 | 07/08/2019 |
| 19 | സഹദേവൻ | 104210201639 | 135/2019 | 04/08/2019 |
| 20 | ശങ്കരപ്പിള്ള | 104210200362 | 134/2019 | 20/07/2019 |
| 21 | കെ.ആർ.രാഘവൻ | 104210200834 | 129/2019 | 21/07/2019 |
| 22 | ഭാർഗവി | 104210200146 | 124/2019 | 22/07/2019 |

| | | | | |
|---|---|---|---|---|
| 23 | കാളി | 104210201541 | 123/2019 | 20/07/2019 |
| 24 | അയ്യപ്പൻ | 104210200638 | 121/2019 | 18/07/2019 |
| 25 | ഗോപാലൻ | 104210200543 | 120/2019 | 04/07/2019 |
| 26 | കൃഷ്ണക്കുറുപ്പ് | 104210201568 | 117/2019 | 04/07/2019 |
| 27 | ജാനകി അമ്മ | 104210200033 | 111/2019 | 21/06/2019 |
| 28 | ഗോപിനാഥൻ ചെട്ടിയാർ | 104210202674 | 101/2019 | 29/05/2019 |
| 29 | നടരാജൻ | 104210202584 | | 08/06/2019 |
| 30 | രത്നമ്മ | 104210200099 | 92/2019 | 15/05/2019 |
| 31 | ഗൌരി കേ. പി | 104210202368 | 86/2019 | 08/05/2019 |
| 32 | ഗോമതി | 104210200164 | 82/2019 | 08/04/2019 |
| 33 | ഗോപാലൻ കെ | 104210200021 | 76/2019 | 09/04/2019 |
| 34 | ഗോപാലൻ.കെ | 104210201259 | 70/2019 | 15/04/2019 |
| 35 | ബാലൻ എം കേ | 104210202399 | 68/2019 | 07/04/2019 |
| 36 | അയ്യപ്പൻ | 104210201322 | 33/2019 | 31/01/2019 |
| 37 | കെ.ജി.ഭാർഗവൻ | 104210200396 | 31/2019 | 20/01/2019 |
| 38 | പൊടിയൻ | 104210200956 | 59/2020 | 03/10/2019 |
| 39 | സരള | 104210600085 | 64/2020 | 27/11/2019 |
| 40 | കല്യാണി | 104210600974 | 108/2020 | 22/06/2020 |

മേൽ പറഞ്ഞവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ സേവന പെൻഷൻ ഡാറ്റാ ബേസ് വിശദമായി പരിശോധിക്കേണ്ടതും, ഗുണഭോക്താവ് മരണപ്പെട്ടുവെന്ന് സേവന പോർട്ടലിൽ പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കുകൾ രേഖപ്പെടുത്തിയിട്ടുള്ളവരെ എല്ലാം ഗുണഭോക്തൃലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ മൊബൈൽ ക്രിമറ്റോറിയത്തിന് അന്ത്യവിശ്രമം ഒരുക്കി പഞ്ചായത്ത്

2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ S0037/20 പ്രകാരം മൂന്നര ലക്ഷം രൂപ ചെലവഴിച്ച് പഞ്ചായത്ത് വാങ്ങിയ മൊബൈൽ ക്രിമറ്റോറിയം, പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നതുമൂലം പദ്ധതിയ്ക്ക് ചെലവഴിച്ച പണം ഫലത്തിൽ പാഴായി.

2019-20-ലെ വാർഷിക പദ്ധതിയിലാണ് പഞ്ചായത്തിൽ സഞ്ചരിക്കുന്ന ക്രിമറ്റോറിയം വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചത്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നും 3 ലക്ഷം രൂപയും, തനത് ഫണ്ടിൽനിന്നും 50000 രൂപയുമായിരുന്ന വകയിരുത്തിയിരുന്നത്. ഡി.ജി.എസ്. ഇൻഫ്രാടെക് എന്ന ഒരു സ്ഥാപനം സമർപ്പിച്ച സിംഗിൾ ടെണ്ടർ സ്വീകരിച്ചാണ് 3.5 ലക്ഷം രൂപയുടെ പർച്ചേസ് നടത്തിയിട്ടുള്ളത്. വാങ്ങൽ നടപടികളുടെ സുതാര്യത ഫയലിൽനിന്നും വെളിവാകുന്നില്ല. ക്രിമറ്റോറിയം വാങ്ങുന്നതിന് ഒരു തവണ ടെണ്ടറും, രണ്ട് തവണ റീടെണ്ടറും ക്ഷണിച്ചതായാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരട് ടെണ്ടർ നോട്ടീസുകളിൽനിന്നും മനസ്സിലാകുന്നത്. എന്നാൽ ടെണ്ടർ നോട്ടീസുകൾ വ്യാപക പ്രചാരമുള്ള പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായോ, തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ നൽകിയതായോ കണ്ടില്ല. 24.12.19-ലെ 2/1 നമ്പർ തീരുമാന പ്രകാരം ഡി.ജി.എസ്.ഇൻഫ്രാടെക്, എറണാകുളം എന്ന സ്ഥാപനത്തിന്റെ സിംഗിൾ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ, പ്രൊക്യൂർമെന്റ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ച് ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

സ്ഥാപനം സമർപ്പിച്ച ടെണ്ടർ, കമ്മിറ്റി അംഗീകരിച്ച 24.12.19ൽ ഇപ്രകാരം ഒരു സ്ഥാപനം തന്നെ നിലവിലില്ലായിരുന്നുവെന്നാണ് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുള്ളത്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി കേന്ദ്രീകരിച്ച് 09/11/2020-ൽ മാത്രം നിലവിൽ വന്ന ഒരു സ്ഥാപനമാണ് ഡി.ജി.എസ്. ഇൻഫ്രാടെക്. കമ്പ്യൂട്ടർ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നതിനാണ് രജിസ്ട്രാർ ഓഫ് കമ്പിനീസ് (എറണാകുളം), സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ഓതറൈസ്ഡ് ഷെയർ ക്യാപിറ്റൽ 15 ലക്ഷം രൂപയും, പെയ്ഡ് അപ് ക്യാപിറ്റൽ 12.5 ലക്ഷം രൂപയും മാത്രമാണെന്ന് വെബ്സൈറ്റിൽ ലഭിക്കുന്ന രേഖകളിൽ കാണുന്നു. 2020 നവംബർ മാസം നിലവിൽ വന്ന സ്ഥാപനവുമായി ഉദ്ദേശം ഒരു വർഷം മുമ്പ് മൊബൈൽ ക്രിമറ്റോറിയം വാങ്ങുന്നതിന് പഞ്ചായത്ത് കരാറിലേർപ്പെട്ടത് എപ്രകാരമാണെന്ന് വ്യക്തമല്ല. 24.12.19-ൽ കമ്മിറ്റി ടെണ്ടർ അംഗീകരിച്ചെങ്കിലും, 04.11.2020-ലാണ് സ്ഥാപനം സാധനം സപ്ലൈ ചെയ്തിട്ടുള്ളത്. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളതായി കാണുന്നില്ല. ടെണ്ടർ അംഗീകരിച്ച ശേഷം ക്രമപ്രകാരം പർച്ചേസ് ഓർഡർ നൽകാതിരുന്നതും, സാധനം സപ്ലൈചെയ്യുന്നതിന് സ്ഥാപനം അസാധാരണമായ കാലതാമസം വരുത്തിയതിനും ഫയലിൽ വിശദീകരണം ഇല്ല (നോട്ട് ഫയൽ ഇല്ല).

സ്ഥാപനം സ്വന്തമായി ഉൽപാദിപ്പിക്കാത്ത ഒരു ഉൽപ്പന്നം അംഗീകൃത ഡീലർഷിപ്പ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഇപ്രകാരമൊരു സ്ഥാപനത്തിൽ നിന്നും വാങ്ങിയതിൽ പൊതു താല്പര്യം ഇല്ല. സ്ഥാപനം സപ്ലൈ ചെയ്ത ക്രിമറ്റോറിയത്തിന് ഗ്യാരന്റി/വാറന്റി/വില്പനാനന്തര സേവനം ഉറപ്പുവരുത്തുകയോ, വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമയ്ക്കുകയോ സെക്യൂരിറ്റി തുക ഈടാക്കുകയോ ചെയ്തിട്ടുള്ളതായി കണ്ടില്ല.

മൊബൈൽ മോർച്ചറി നടത്തിപ്പ സംബന്ധിച്ച് 06.11.20-ൽ കൂടിയ പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ച ചെയ്ത് തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഗ്യാസ് സിലിണ്ടർ, വാഹന വാടക, ഇന്ധനച്ചെലവ്, നടത്തിപ്പുകാരന്റെയും സഹായിയുടെയും കൂലി എന്നീയിനത്തിൽ 7000 രൂപയോളം ചെലവു വരുമെന്നാണ് യോഗം വിലയിരുത്തിയത്. ഭാരം കൂടുതലായതിനാൽ മെഷീൻ ഉയർത്തി വാഹനത്തിൽ കയറ്റുന്നതിന് രണ്ടിൽ കൂടുതൽ ആൾക്കാർ വേണ്ടിവരുമെന്നും, വാഹന വാടക, നടത്തിപ്പുകാർക്കുള്ള ചെലവ് എന്നിവ ഉൾപ്പടെ ശവസംസ്കാരം ഉള്ള ദിവസങ്ങളിൽ ഗ്രാമപഞ്ചായത്തിൽനിന്നും വേതനം നല്കി കരാറടിസ്ഥാനത്തിൽ ഒരു ചുമതലക്കാരനെയും, സഹായിയേയും നിയമിക്കുന്നതിനും പഞ്ചായത്ത് പ്രിന്റ് ചെയ്ത് നല്കുന്ന രസീതി ഉപയോഗിച്ച് 7500 രൂപ നിരക്കിൽ ഈടാക്കുന്നതിനും സ്വന്തമായി വാഹനമുള്ള ആൾക്ക് നടത്തിപ്പ് ചുമതല നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനം എടുത്തു. എന്നാൽ ഈ നിലയിലുള്ള ഒരു തുടർ പ്രവർത്തനങ്ങളും സെക്രട്ടറി സ്വീകരിച്ച് കണ്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പഞ്ചായത്ത് വൻതുക മുടക്കി വാങ്ങിയ മൊബൈൽ ക്രിമറ്റോറിയം കൊടുമൺ മാർക്കറ്റിലുള്ള എം.സി.എഫ്-ൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾക്ക് നടുവിൽ തള്ളിയിരിക്കുന്നതായി കണ്ടു.

വാങ്ങൽ നടത്തി രണ്ട് വർഷത്തോളം കഴിഞ്ഞെങ്കിലും മൊബൈൽ ക്രിമറ്റോറിയം പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഉപയോഗപ്പെടുത്താതിരുന്നത് പ്രോജക്ട് ആവിഷ്കരിച്ചതിന്റെ ഉദ്ദേശ്യശുദ്ധിയെതന്നെ ചോദ്യം ചെയ്യുന്നതാണ്. പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ ഉപയോഗപ്പെടുത്താതിരിക്കുന്നത് ആ ആസ്തിക്ക് വേണ്ടി പൊതു ഖജനാവിൽനിന്നും ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്. മൊബൈൽ ക്രിമറ്റോറിയം പദ്ധതി പ്രാവർത്തികമാക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാതിരുന്നത് വലിയ വീഴ്ചയാണ്. വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു. മൊബൈൽ ക്രിമറ്റോറിയം ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ സമിതി ആരായേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചില്ല

പഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പ്രോജക്ട് നം.177/22 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 250000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. CPRCS പോർട്ടൽ മുഖാന്തിരമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. മൂന്ന് കമ്പ്യൂട്ടറുകളും, ഒരു ലേസർ പ്രിന്ററും, സ്കാനറും വാങ്ങുന്നതിനായി ഐ.റ്റി. മിഷന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി 238299 രൂപ ഒടുക്കി (ട്രഷറി ബിൽ നം.308/14.03.22). ഇതിൽ കമ്പ്യൂട്ടറുകളും, പ്രിന്ററും മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് തീയതിവരെ സ്കാനർ ലഭ്യമാക്കിയിട്ടില്ല. സ്കാനറിന് 96949 രൂപയാണ് മുൻകൂർ നൽകിയിട്ടുള്ളത്. സ്കാനർ ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാർഡ് വെയർ രജിസ്റ്ററിൽ ചേർത്ത് അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി. നൽകുന്നതിന് 2021-22വർഷത്തെ വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പ്രോജക്ട് നം.181/22 പ്രകാരം 150000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങുകയും, 127676 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നം. 1359183/17.03.22). കെൽട്രോണിനാണ് കരാർ നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു,

കെൽട്രോണിന്റെ 17.03.22-ലെ ITBG/IIS/RN/21-22/0974 നമ്പർ ഓഫർ ലെറ്ററിൽ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരം, എണ്ണം, നിരക്ക് എന്നിവ സൂചിപ്പിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഹാർഡ്‌വെയർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. ഹാർഡ്‌വെയർ രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ ആകെ ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെ എണ്ണം 26 ആണ് എന്നാൽ ഓഫർ ലെറ്ററിൽ സെർവർ കമ്പ്യൂട്ടർ

ഉൾപ്പടെ ആകെ 17 എണ്ണത്തിനാണ് എ.എം.സി. കവറേജ് നൽകിയിട്ടുള്ളത്. അതുപോലെതന്നെ 16 പ്രിന്ററുകൾ ഉള്ളതിൽ 8 എണ്ണത്തിനും, 7 സ്കാനറുകളിൽ ഒരണ്ണത്തിനും, 4 ലാപ്ടോപ്പ് കമ്പ്യൂട്ടറുകളിൽ 2 എണ്ണത്തിനും മാത്രമാണ് എ.എം.സി. സംരക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളത്. നിലവിലുള്ള ഏതെല്ലാം ഉപകരണങ്ങളാണ് കരാറിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ഹാർഡ് വെയർ രജിസ്റ്ററിൽനിന്നോ, പ്രോജക്ട് ഫയലിൽനിന്നോ വ്യക്തമല്ല.

ഹാർഡ്‌വെയർ രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. സർക്കാർ സ്ഥാപനങ്ങളിലെ ഉപയോഗത്തിന് വാങ്ങുന്ന കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും 5 വർഷ വാറന്റി നിർബന്ധമാണ്. ഉപകരണങ്ങൾ വാങ്ങിയ തീയതി, വാറന്റി കാലയളവ് എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ വാറന്റി ഉള്ള ഉപകരണങ്ങളെ ഒഴിവാക്കിയാണോ എ.എം.സി. കരാർ നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി.യുടേയും അതിന്റെ ഭാഗമായുള്ള മെയിന്റനൻസ് പ്രവൃത്തികളുടെയും വിവരം (Maintenance History Of Hardware) ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/05.08.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഹാർഡ് വെയർ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹാർഡ് വെയർ രജിസ്റ്റർ കൃത്യമാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഉപകരണങ്ങൾക്ക് മെയിന്റനൻസ് കോൺട്രാക്ട് ഏർപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 കൊടുമൺ ബസ്-ബേ നിർമ്മാണം - 5.56 ലക്ഷം രൂപ ചെലവഴിച്ച പദ്ധതി മുടങ്ങികിടക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കൊടുമൺ ബസ്ബേ നാളിതുവരെ ഉപയോഗത്തിന് തുറന്ന് കൊടുത്തിട്ടില്ല. നിർമ്മാണം നടത്തിയ കരാറുകാരന് പണം ലഭിച്ചു എന്നതൊഴിച്ചാൽ പൊതു സമൂഹത്തിന് പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മാത്രവുമല്ല നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം ഈ പദ്ധതി ലക്ഷ്യം കാണാനുള്ള യാതൊരു സാധ്യതയും ഇല്ല.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 7 ലക്ഷം രൂപയും, പഞ്ചായത്ത് വിഹിതം 50000 രൂപയും ഉൾപ്പടെ ആകെ 7.5 ലക്ഷം രൂപ വകയിരുത്തിയാണ് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. 2018-19 വർഷം 556607 രൂപ ചെലവഴിച്ച് ബസ്ബേ നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം പൂർത്തിയാക്കിയ ബസ്ബേയുടെ പ്രവർത്തനോദ്ഘാടനം നാളിതുവരെ നടത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്നത് പൊതു താല്പര്യം മുൻനിർത്തിയല്ല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്നതിന് തെളിവാണ്.

പഞ്ചായത്ത് സ്റ്റേഡിയത്തോട് ചേർന്ന് ഏഴംകുളം കൈപ്പട്ടൂർ റോഡരികിൽ ഉദ്ദേശ്യം 15 സെന്റ് സ്ഥലത്താണ് ബസ്ബേ നിർമ്മിച്ചിരിക്കുന്നത്. അശാസ്ത്രീയമായാണ് ബസ്ബേ ഡിസൈൻ ചെയ്തിട്ടുള്ളത്. വാഹനം സുഗമമായി ബസ്ബേയിലേക്ക് കയറ്റി ഇറക്കുന്നതിന് കഴിയുംവിധമല്ല നിർമ്മാണം നടത്തിയിട്ടുള്ളത്. മാത്രവുമല്ല ഒന്നിലധികം വാഹനങ്ങൾ ബസ്ബേയിൽ പാർക്ക് ചെയ്യുന്നതിന് സ്ഥലപരിമിതി തടസ്സമാണ്. കൂടാതെ ബസ്ബേയുടെ വികസനത്തിന് തടസ്സമാകുന്ന നിലയിൽ മറ്റ് നിരവധി നിർമ്മിതികളാണ് പഞ്ചായത്ത് ഇവിടെ നടത്തിയിട്ടുള്ളത്. കുടുംബശ്രീ കഫേ (കുടുംബശ്രീ ഫണ്ട്), ലഘുഭക്ഷണ ശാല (പട്ടികജാതി ഫണ്ട്), വർക്ക് ഷെഡ്, മിനി എം.സി.എഫ്. (എം.എൻ.ആർ.ഇ.ജി.എസ്.), തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് (ശുചിത്വ മിഷൻ ഫണ്ട്), എന്നിവയും ഈ പരിമിതമായ സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നു. ടേക്-എ-ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റും പഞ്ചായത്ത് ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇവയൊന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ പദ്ധതികൾക്ക് പൊതു ഖജനാവിൽനിന്നും മുടക്കിയ ലക്ഷക്കണക്കിന് രൂപയാണ് നിലവിൽ ഫലശൂന്യമായിരിക്കുന്നത്. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്.



ബസ്ബേ കെട്ടിടം

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/16.08.22) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തി സംരക്ഷിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. ആസ്തികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-22 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.186/22 പ്രകാരം ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 50000 രൂപയും, റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 150000 രൂപയും ഉൾപ്പെടെ ആകെ 200000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഇതനുസരിച്ച് KSEB ഇലക്ട്രിക്കൽ സെക്ഷനിൽ 198622 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 50000 രൂപയും, റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 148622 രൂപയും ചെലവഴിച്ചു.

ഈ പദ്ധതിയ്ക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും തുക വകയിരുത്തി ചെലവ് ചെയ്തത് ക്രമപ്രകാരമല്ല. കൈമാറിക്കിട്ടിയതുൾപ്പടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് സർക്കാർ റോഡിതര മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(എം.എസ്.)നം.330/2004/ത.സ്വ.ഭ.വ., തീ. 09.12.2004). പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് ഈ പദ്ധതിയ്ക്ക് റോഡിതര മെയിന്റൻസ് ഗ്രാന്റ് വകയിരുത്തി ചെലവ് ചെയ്തിട്ടുള്ളത്. ഫണ്ടിന്റെ വകമാറ്റൽ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിന്റെ ലഭ്യതക്കുറവ് ഉള്ളതിനാലും പൊതുജനതാല്പര്യം മുൻനിർത്തിയുമാണ് ടി പദ്ധതിയ്ക്ക് മെയിന്റനൻസ് ഗ്രാന്റ് തുക വകയിരുത്തിയതെന്നാണ് സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണം. ഫണ്ടിന്റെ വകമാറ്റൽ അനുവദനീയമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 ബാരൽ വില ഈടാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള രണ്ട് റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. കരാറുകാർ വാങ്ങി ഉപയോഗിച്ചിട്ടുള്ള ബിറ്റുമിൻ, ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ. 2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ കാലി ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കേണ്ടിയിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന് 33138 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (Kg.) | | ബാരലുകളുടെ എണ്ണം | ബാരൽ വില (@238/-) | ജി.എസ്.ടി. (18%) | ആകെ |
|---|---|---|---|---|---|---|---|
| | | ബിറ്റുമിൻ | ഇമൽഷൻ | | | | |
| 1 | ചക്കിമുക്ക് - മാവേലി റോഡ് റീടാറിംഗ് | 2219 | 204 | 15 | 3570 | 643 | 4213 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | (വാർഡ് 5)<br>കരാറുകാരൻ - ശ്രീ സോണി സി. സാമുവൽ<br>അടങ്കൽ - ₹350000<br>ചെലവ് - ₹281640<br>ബിൽ നം. 414461/16.09.21<br>എം.ബുക്ക് നം. 472/2020-21 | | | | | | |
| | 2 | തെങ്ങിനാൽ പാറവിളപടി റോഡ് മെയിന്റനൻസ് വാർഡ് 14<br>കരാറുകാരൻ - ശ്രീ ജെയിംസ് മാത്യു<br>അടങ്കൽ - ₹1000000<br>ചെലവ് - ₹946823<br>ബിൽ നം. 1088515/09.02.22<br>എം.ബുക്ക് നം. 117/21 | 6762 | 642 | 47 | 11186 | 2013 | 13199 |
| | 3 | ഞാറക്കാട്ട്പടി വടശ്ശേരിൽ റോഡ് പുനരുദ്ധാരണം വാർഡ് 18<br>കരാറുകാരൻ - ശ്രീ ജെയിംസ് മാത്യു<br>അടങ്കൽ - ₹500000<br>ചെലവ് - ₹467835<br>ബിൽ നം. 1219367/26.02.2022<br>എം.ബുക്ക് നം. 124/21 | 2282 | 228+192 | 17 | 4046 | 728 | 4774 |
| | 4 | വൈകുണ്ഠപുരം ള്ളണിപൊയ്ക റോഡ് റീടാറിംഗ് വാർഡ് 10<br>കരാറുകാരൻ - ശ്രീ ബിജു കെ.ജെ.<br>അടങ്കൽ - ₹500000<br>ചെലവ് - ₹488789<br>ബിൽ നം. 1430321/23.03.22 | 2128.93 | 218+255 | 17 | 4046 | 728 | 4774 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എം.ബുക്ക് നം. 123/21 | | | | | | |
| 5 | കന്നിമേൽപടി ഇലവിനാൽകുഴി റോഡ് പുനരുദ്ധാരണം വാർഡ് 8 (88/22)<br>കരാറുകാരൻ - ശ്രീ ബിജു കെ.ജെ.<br>അടങ്കൽ - ₹500000<br>ചെലവ് - ₹483782<br>ബിൽ നം. 921524/11.01.22<br>എം.ബുക്ക് നം. 487/2020-21 | 3026 | 300+159 | 22 | 5236 | 942 | 6178 |
| | | | | | 28084 | 5054 | 33138 |

മേൽ കാണിച്ചിരിക്കുന്ന പ്രവൃത്തികളുടെ ബാരൽ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 33138 രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കേണ്ടതും, ബാരൽ വില (₹28084) പഞ്ചായത്ത് ഫണ്ടിലേക്കും, ജി.എസ്.ടി. (₹5054) സർക്കാരിലേക്കും ഒടുക്കുവരുത്തേണ്ടതുമാണ്.

## 1-24 സ്കോളർഷിപ്പ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടുകളുടെ പേര്, നമ്പർ | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (23/22)<br>മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്.സി) (24/22) |
| വകയിരുത്തൽ | 1776280/- (23/22)<br>350000/- (24/22) |
| ചെലവ് | 1369900/- (23/22)<br>241400/- (24/22) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തിലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകലാണ് ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് ഒരു വർഷം പരമാവധി ലഭിക്കാവുന്ന തുക 28500 രൂപയാണ്. എന്നാൽ ശ്രീക്കുട്ടി എസ് എന്ന കുട്ടിയ്ക്ക് 34000 രൂപയും, ഏബൽ ഷിബു ജോർജ്ജിന് 31100 രൂപയും നൽകിയിട്ടുണ്ട്. ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിശകാണ് ഇതിന്റെ കാരണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (26/16.8.22) മറുപടിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ വ്യക്തമാക്കി. അധികം നൽകിയ തുക അടുത്ത വർഷത്തെ സ്കോളർഷിപ്പിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരമാവധി സ്കോളർഷിപ്പ് നൽകാനായില്ല. അഖിൽകുമാറിന് 13000 രൂപയും, രേഷ്മ ബാബുവിന് 8000 രൂപയും, ഹരിതയ്ക്ക് 16000 രൂപയും, ജിനി, അശ്വനി എന്നിവർക്ക് 13500 രൂപ വീതവും മാനസിക വെല്ലുവിളി നേരിടുന്ന ജോബിൻ ജോസഫിന് 16000 രൂപയുമാണ് നൽകിയിട്ടുള്ളത്. ഇവർക്ക് അർഹതയുള്ളതിനേക്കാൾ കുറച്ച് തുക നൽകിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/16.8.22) തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നടപ്പുവർഷം മുതൽ പരമാവധി സ്കോളർഷിപ്പ് നൽകാനുതകും വിധം പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-25 ടാറിംഗ് പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും ബിറ്റുമിന്റെ വില വ്യത്യാസം

ഈടാക്കിയില്ല

17.04.2020-ലെ ജി.ഒ.(ആർ.ടി.)നം.2816/2020/Fin നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ സമയത്തെ ബിറ്റുമിന്റെ വിലയും പർച്ചേയ്സ് സമയത്തെ വിലയും തമ്മിലുള്ള വ്യത്യാസം കണക്കുകൂട്ടി കരാറുകാർക്ക് അനുവദിക്കുകയോ, തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന ടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും കരാറുകാരൻ പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വില വ്യത്യാസം ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കണക്കാക്കി ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 11724 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കന്നിമേൽപടി ഇലവിനാൽകുഴി റോഡ് പുനരുദ്ധാരണം വാർഡ് 8 – (S0088/22)

കരാറുകാരന്റെ പേര് - ശ്രീ കെ.ജെ. ബിജു

ടെണ്ടർ തീയതി - 31.08.21

കരാർ നം. – 14/AE/LSGD/2021-22/KDMN, Dt. 29.10.2021

ഫൈനൽ ബിൽ തുക - 483782/-

ബിൽ നമ്പർ – (921524/11.01.22)

ടെണ്ടർ തീയതിയിലെ ബിറ്റുമിൻ വില

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. |
|---|---|---|---|
| VG30 | Tonne | 42510 | 42.51 |
| RS-1 | Tonne | 44320 | 44.32 |

കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരമുള്ള വില

ഇൻവോയ്സ് നം. & തീ. - 4550529420/31.12.2020 (BPCL) & 4210109527/15.03.21 (HINCOL)

| ഇനം | യൂണിറ്റ് | അടിസ്ഥാന നിരക്ക് | നിരക്ക്/kg. | റിമാർക്സ് |
|---|---|---|---|---|
| VG30 | Brl | 6060.6 | 38.85 | 1 Brl = 156 Kg. |
| RS-1 | Brl | 8431.4 | 42.16 | 1 Brl = 200 Kg. |

വില വ്യത്യാസം

| ഇനം | ഉപയോഗിച്ച അളവ് | വില വ്യത്യാസം/kg. | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|
| VG30 | 3026 | 3.66 | 11075.16 |
| RS-1 | 300 | 2.16 | 648.9 |
| Total | | | 11724.06 |

കരാറുകാരന് ആകെ അധികം നൽകിയ തുക - ₹11724

മേൽ പറഞ്ഞ പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും ടാറിന്റെ വില വ്യത്യാസം (₹11724) ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുള്ള നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

1-26 കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കില്ല

സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാർ യഥാസമയം കരാർ വയ്ക്കാത്ത സംഗതിയിൽ പിഴ ഈടാക്കിയിട്ടില്ല. കേരള പി.ഡബ്ല്യു.ഡി. മാന്വൽ ഖ.2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശസ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതുണ്ട്. യഥാസമയം കരാർ വെച്ചില്ലെങ്കിൽ PAC-യുടെ 1% പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറുകാരനെ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ടെണ്ടർ നടത്തുകയും, സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്ത ശേഷം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കരാറുടമ്പടിയിൽ ഏർപ്പെടാതിരുന്ന ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽനിന്നാണ് നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തത്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | എഗ്രിമെന്റ് ഒപ്പുവെച്ച തീയതി | പിഴ തുക (PAC-യുടെ 1%) |
|---|---|---|---|---|---|
| 1 | കോട്ടപ്പുറം - ഒറ്റപ്ലാവിളയിൽ റോഡ് പുനരുദ്ധാരണം (വാർഡ് 13) - (81/22) അടങ്കൽ - 500000 | 289392.68 | 05.10.21 | 29.10.21 | 2894 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ സാംസൺ സാമുവൽ<br>എഗ്രി.നം.13/AE /LSGD/2021-22/KDMN,<br>Dtd. 29/10/21 | | | | |
| 2 | കന്നിമേൽപടി ഇലവിനാൽകുഴി റോഡ് പുനരുദ്ധാരണം വാർഡ് 8 (88/22)<br>അടങ്കൽ - 500000<br>കരാറുകാരൻ - ശ്രീ കെ.ജെ.ബിജു<br>എഗ്രി.നം. 14/AE/LSGD /2021-22, Dtd. 29.10.21 | 432694.92 | 05.10.21 | 29.10.21 | 4327 |
| | ആകെ | | | | 7221 |

നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കാതിരുന്ന ഇനത്തിൽ 7221 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരിൽനിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥയിൽനിന്നോ ഈടാക്കേണ്ടതാണ്.

### 1-27 ഒറ്റത്തേക്ക് സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് – പദ്ധതി നടപ്പിലാക്കിയില്ല – വൈദ്യുതീകരണത്തിന് ചെലവഴിച്ച തുക പാഴായി

ഒറ്റത്തേക്കിൽ പഞ്ചായത്ത് വക സ്ഥലത്ത് സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 2018-19 വർഷം സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി നടപ്പായില്ല. കട്ട നിർമ്മാണ യൂണിറ്റിന് ത്രീഫേസ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് പഞ്ചായത്ത് ചെലവഴിച്ച 142766 രൂപ പാഴായി.

പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും 50000 രൂപയും, ബ്ലോക്ക് വിഹിതം 600000 രൂപയും ഉൾപ്പടെ ആകെ 650000 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മെഷിനറി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ 06.11.19-ൽ കൂടിയ പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ അംഗീകരിച്ച് പവ്വർ ടെക് എന്റർപ്രൈസസ്, പത്തനാപുരം എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയിരുന്നു (13.01.2020). എന്നാൽ പ്രസ്തുത സ്ഥാപനം എഗ്രിമെന്റ് വെച്ച് സാധനം സപ്ലൈ ചെയ്യാതിരുന്ന സാഹചര്യത്തിൽ പർച്ചേസ് ഓർഡർ ക്യാൻസൽ ചെയ്യുകയും, തൊട്ടടുത്ത കരാറുകാരായ ഹൊറൈസൺ, പട്ടണക്കാട്, ആലപ്പുഴ എന്ന സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം മെഷിനറി സപ്ലൈ ചെയ്യുകയോ, പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി 2021-22വരെ സ്പിൽ ഓവറായി നിലനിർത്തിയതിനുശേഷം ഉപേക്ഷിച്ചതായാണ് കണ്ടത്. കട്ട നിർമ്മാണ യൂണിറ്റിന് ത്രീഫേസ് കണക്ഷൻ എടുക്കുന്നതിന് 2018-19-ൽ തന്നെ പ്രോജക്ട് നം.254/19 പ്രകാരം തനത് ഫണ്ടിൽനിന്നും 2 ലക്ഷം രൂപ വകയിരുത്തി മറ്റൊരു പദ്ധതിയും പഞ്ചായത്ത് ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 142766 രൂപ ചെലവഴിച്ച് 2019-20 സാമ്പത്തിക വർഷം കട്ടനിർമ്മാണ യൂണിറ്റിന് ത്രീഫേസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കട്ടനിർമ്മാണ യൂണിറ്റ് മാത്രം സ്ഥാപിക്കപ്പെട്ടില്ല. ഇക്കാരണത്താൽ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ച തുക ഫലശൂന്യമായി.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ കട്ട നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി എം.എൻ.ആർ.ജി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വർക്ക് ഷെഡ് കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ചതിനാൽ, പ്രസ്തുത കെട്ടിടത്തിൽ കട്ട നിർമ്മാണം യൂണിറ്റ് ആരംഭിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ അനുമതി നിഷേധിച്ചതായാണ് അറിയാൻ സാധിച്ചത്. ആയതിന്റെ നിജസ്ഥിതിയും, പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും അനുവദിച്ച ഫണ്ടിന്റ നിലവിലെ സ്ഥിതിയും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-28 മുൻകൂറായി തുക നൽകിയിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് ചുവടെ പറയും പ്രകാരം തുക മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര്, പദ്ധതി നം. | അടങ്കൽ തുക | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 1. | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ, S028/22 | 600000 (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്) | 600000 | 19,06.08.21 |

എന്നാൽ ഇൻവോയിസ് നം. LF-333/14.07.2022, LF-2562/03.03.2022, LF-377/22.07.2022 എന്നിവ പ്രകാരം 274680 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 325320 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് ഉടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.13,06.08.22) മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് പൂർണ്ണമായി ലഭിക്കുന്ന മുറയ്ക്ക് വിശദാംശം സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

| ക്രമ നം | പദ്ധതിയുടെ പേര്, പദ്ധതി നം. | അടങ്കൽ തുക | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 1. | വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും യോഗ പരിശീലനവും, S038/22 | 200000(വികസന ഫണ്ട്- ജനറൽ) | 200000 | 135/ 14.12.21<br>263/ 26.02.21 |
| 2. | അരികെ - വൃദ്ധജന ആരോഗ്യ പരിപാലനം(ജനറൽ), S061/22 | 750000-500000(വികസന ഫണ്ട്- ജനറൽ)+250000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 500000(വികസന ഫണ്ട്-ജനറൽ) | 266/26.02.22<br>267/26.02.22<br>150/ 29.12.21 |

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനായി 7 ലക്ഷം രൂപ ചെലവഴിച്ച് മരുന്ന് വാങ്ങൽ ആണ് നടത്തിയിട്ടുള്ളത്. മേൽ പ്രോജക്ട് മുഖേന വാങ്ങിയ മരുന്ന് മെയിൻ സ്റ്റോക്കിലെടുത്താണ് വിതരണം ചെയ്തിട്ടുള്ളത്. ടി മരുന്ന് വയോജനങ്ങൾക്ക് മാത്രമായാണോ വിതരണം ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. ഇവ വിതരണം ചെയ്തതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ മരുന്ന് ആശുപത്രിയിലെ ദൈനംദിന വിതരണത്തിന് കൂടി ഉപയോഗിച്ചതിന് സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നു. വാർഷികപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.4.1(11) പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും 5 ശതമാനം തുക നിർബന്ധമായും വകയിരുത്തേണ്ടതാണ്. ഇതുപ്രകാരം നിശ്ചിതഫണ്ട് വകയിരുത്തി വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്കാണ് മുൻഗണന നല്കേണ്ടത്. യോഗ പരിശീലനത്തിനായാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും ഔഷധം വാങ്ങുന്നതിനാണ് തുക ചിലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരമല്ലാതെ പ്രോജക്ട് നടപ്പിലാക്കിയത് ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/11.08.2022) മറുപടിയായി, 'അരികെ' എന്ന പ്രോജക്ടിൽപ്പെടുത്തി ദീർഘകാല രോഗബാധിതരായ വയോജനങ്ങളെ കണ്ടെത്തുന്നതിനായി പഞ്ചായത്തിലെ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തികൊണ്ട് രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചതായും അവരുടെ രോഗത്തിനനുസൃതമായാണ് മരുന്ന് വാങ്ങി വിതരണം ചെയ്തിട്ടുള്ളതെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് രോഗവ്യാപന സാഹചര്യത്തിൽ പ്രസ്തുത ക്യാമ്പിൽ നല്ലൊരു ശതമാനം വയോജനങ്ങളും എത്തിയിരുന്നില്ല എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. വയോജനങ്ങളുടെ ശാരീരിക-മാനസിക പിന്തുണയ്ക്കായി നടപ്പിലാക്കിയ പദ്ധതികളുടെ പ്രയോജനം അവർക്ക് നേരിട്ട് ലഭിക്കത്തക്ക വിധം പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മാത്രം പ്രോജക്ട് വിഭാവനം ചെയ്യേണ്ടതും വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 മാലിന്യ നിർമ്മാർജ്ജനം - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിക്കുകയും ദ്രവമാലിന്യം നീക്കം ചെയ്യുകയും പഞ്ചായത്തിന്റെ കർത്തവ്യമാണ്. മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണ്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണവും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയൊഴിക്കൽ സംബന്ധിച്ചും സേവനങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും നടത്തേണ്ട സംവിധാനമാണ് ഹരിതകർമ്മ സേന. കൊടുമൺ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ച് ജനവരി 2020-ലാണ് പ്രവർത്തനം ആരംഭിച്ചത്. 2021-22-ൽ യൂസർഫീസ് ഇനത്തിൽ വീട്ടുകളിൽ നിന്നും 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് ഈടാക്കിയിരുന്നത്. എല്ലാ വീട്ടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി യൂസർഫീസ് കിട്ടുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈയിനത്തിൽ 2021-22 വർഷം 71351 രൂപ മാത്രമാണ് ലഭിച്ചത്. നിലവിൽ 37 പേരാണ് ഹരിതകർമ്മ സേനയിലുള്ളത്. യൂസർഫീസ് ആയി ലഭിക്കുന്ന വരുമാനം ഹരിത കർമ്മസേനാ അംഗങ്ങൾക്ക് കൂലി നൽകാൻ പര്യാപ്തമല്ല. വയബിലിറ്റി ഗ്യാപ് ഫണ്ട് വകയിരുത്തിയാണ് ഇവർക്ക് വേതനം കണ്ടെത്തുന്നത്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. താൽകാലിക എം.സി.എഫ് കെട്ടിടം കൊടുമൺ മാർക്കറ്റിലാണ് സ്ഥിതി ചെയ്യുന്നത്. കൊടുമൺ സ്റ്റേഡിയത്തിന് സമീപം എം.സി.എഫ് സ്ഥാപിക്കുന്നതിനോട് എതിർപ്പും പഞ്ചായത്തിൽ ആയത് സ്ഥാപിക്കാൻ മറ്റ് സ്ഥല സൗകര്യം ഒന്നും ലഭ്യമാക്കാത്തതുമായ സാഹചര്യവുമുണ്ട്. ആർ.ആർ.എഫ് പ്രവർത്തനരഹിതമായ സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി മുഖേനയാണ് നീക്കം ചെയ്യുന്നത്. എന്നാൽ മാലിന്യ നീക്കം കൃത്യമായി നടക്കാത്തത് മൂലം മിനി എം.സി.എഫുകളും താൽകാലിക എം.സി.എഫും മാലിന്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന അവസ്ഥയാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 1-31 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-18 – 2021-22) വിവിധ നിക്ഷേപ പ്രവർത്തികൾക്ക് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. മുതലായ സ്ഥാപനങ്ങളിൽ പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ അപൂർണ്ണമാണ്. പ്രവൃത്തികളുടെ പൂർത്തീകരണം, ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ എഗ്രിമെന്റ് വയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുള്ളത്. തുകകൾ അടവാക്കുന്നതല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കണ്ടില്ല. പൂർത്തീകരണ വിവരം ലഭ്യമല്ലാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| 2017-18 | കെ.എസ്.ഇ.ബി. | 4,12 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (S0138/18) | 294950 |
| 2017-18 | കെ.എസ്.ഇ.ബി. | 2,7 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (S0139/18) | 96535 |
| 2017-18 | കെ.എസ്.ഇ.ബി. | വാർഡ് 12 ലെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (S0194/18) | 199100 |
| 2017-18 | കേരള വാട്ടർ അതോറിറ്റി | 3,12 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (S0103/18) | 300000 |
| 2018-19 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 7 (എസ്.സി.പി.) - (S0227/19) | 77000 |
| 2018-19 | കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി.) - (S0250/19) | 360000 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.ഇ.ബി. | ചന്ദനപ്പള്ളി വാർഡിൽ പോസ്റ്റ് മാറ്റി വയ്ക്കൽ - (S0220/19) | 24527 |
| 2018-19 | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.സി.പി.) - (S0228 /19) | 98500 |
| 2018-19 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 7 (എസ്.സി.പി.) - (S0227 /19) | 77100 |
| 2018-19 | കേരള വാട്ടർ അതോറിറ്റി | കൊടുമൺ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (S0044/19) | 650312 |
| 2019-20 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 3 ലെ അരയാൽപ്പടി - വാക്കയിൽപ്പടി-മംഗലത്ത് കോളനി) - (SO127/20) | 100000 |
| 2019-20 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പട്ടിക ജാതി) - SO130/20 | 91803 |
| 2020-21 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പട്ടിക ജാതി) - (വാർഡ് 5-ൽ പാന്നൂർ ട്രാൻസ്ഫോർമർപ്പടി മുതൽ പാന്നൂർ സെറ്റിൽമെന്റ് കോളനി വരെ, വാർഡ് 10-ൽ പ്ലാമൂട് മുതൽ കല്ലുമുകൾ കോളനി വരെ) (S0043/21) | 970000 |
| 2020-21 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - (പാലനിൽക്കുന്നതിൽപ്പടി - അമ്പലമുക്ക്) -വാർഡ് 3 (S0329/21) | 970000 |
| 2020-21 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാർഡ് 4, (സിയോൺകുന്ന് ടാങ്ക് - പ്ലാന്റേഷൻ പടി- ഉണ്ടിയിൽപ്പടി- അംഗൻവാടി-വാർഡ്, ഇലവുമൂട്ടിൽപ്പടി- ചാവരുകണ്ടം) (S0328/21) | 1000000 |
| 2020-21 | കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (S0164/21) | 540000 |
| 2020-21 | കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (Street Main Adding 4072 M And Line Extension 359 M In Ward 1,7,18) - (SO228/21) | 657500 |

ടി പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതിനും, ഏജൻസികളിൽ ചെലവാകാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തുന്നതിനും സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് ഉതകുന്ന തരത്തിൽ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്ററിൽ ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-32 പകൽ വീടുകൾ ഉപയോഗിക്കാത്ത അവസ്ഥയിൽ

ഗ്രാമപഞ്ചായത്തിൽ വയോജനങ്ങൾക്കായി രണ്ട് പകൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്. പതിനാറാം വാർഡിൽ വെട്ടിക്കുളം കോളനി എന്ന സ്ഥലത്തും പതിന്നാലാം വാർഡിൽ കാരിക്കൽ കമ്മ്യൂണിറ്റി ഹാളിന്റെ മുകളിലത്തെ നിലയിലുമാണ് വൈദ്യുതി, വെള്ളം, ഫർണ്ണീച്ചർ , ടെലിവിഷൻ ഉൾപ്പെടെ സൗകര്യങ്ങളോടു കൂടിയ പകൽ വീടുകൾ സജ്ജീകരിച്ചിട്ടുള്ളത്. എന്നാൽ, ഈ രണ്ട് പകൽ വീടുകളും വൃദ്ധജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടില്ല.

കാരിക്കൽ കമ്മ്യൂണിറ്റി ഹാളിന്റെ മുകളിലത്തെ നിലയിൽ പകൽ വീട് നിർമ്മിച്ചത് സാമാന്യ യുക്തിയ്ക്ക് നിരക്കാത്തതാണ്. വൃദ്ധജനങ്ങൾക്ക് ഉപയോഗിക്കാനുള്ള സൗകര്യം മുകളിലത്തെ നിലയിൽ ഒരുക്കിയത് ഗുണഭോക്താക്കളെ ഇത് ഉപയോഗിക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തും. കട്ടിലുകൾ വാങ്ങുന്നത് ഉൾപ്പെടെ ഏതാനും പ്രവൃത്തികൾ കൂടി നടത്തിയാൽ മാത്രമേ കെട്ടിടം പൂർണ്ണമായി ഉപയോഗിക്കാൻ കഴിയൂ എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. വെട്ടിക്കുളം കോളനിയിൽ സ്ഥാപിച്ചിട്ടുള്ള പകൽ വീട് പ്രധാന

റോഡിൽ നിന്ന് വളരെ ഉള്ളിലും സൗകര്യമില്ലാത്ത സ്ഥലത്തുമാണ്. ഫലത്തിൽ ഇത് കേവലം ആ കോളനിയിലെയോ, വാർഡിലെയോ ഗുണഭോക്താക്കൾക്ക് മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. പകൽ വീടുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുമെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരണം നൽകി. പകൽ വീടുകളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ അടിയന്തിരമായി തുറന്നു കൊടുത്ത് പകൽ വീട് എന്ന പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് പരിപാലനം – 9 ലക്ഷം രൂപ മതിപ്പ് ചെലവുള്ള പദ്ധതി ഇ-ടെണ്ടർ ചെയ്തില്ല

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 200000 രൂപയും, തനത് ഫണ്ടിൽനിന്നും 500000 രൂപയും ഉൾപ്പടെ ആകെ 700000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (പ്രോ.നം.77/22). പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 2654 ട്യൂബ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കും, പരിപാലനത്തിനുമാണ് പദ്ധതി ആവിഷ്കരിച്ചത്. ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ (₹339) ടെണ്ടർ സമർപ്പിച്ച ശ്രീ അനസ് എസ്. ന്യൂടെക് അസോസിയേറ്റ്സ് എന്നയാൾക്കാണ് പരിപാലന കരാർ നൽകിയത്. 09/07/2021 മുതൽ ഒരു വർഷത്തേക്കാണ് കരാറിന് പ്രാബല്യം ഉണ്ടായിരുന്നത്. 2654 പോസ്റ്റുകൾക്ക് 339 രൂപ പ്രകാരം 899706 രൂപയായിരുന്നു കരാറുകാരന് നൽകേണ്ടിയിരുന്നത്. ഇതിന്റെ 50% ആയ 449853 രൂപ 24/2/22-ൽ നൽകി.

G.O. (Ms)No. 13/2015/ITD Dated 12/05/2015 നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും അതിലധികവും അടങ്കലുള്ള എല്ലാ ഇടപാടിനും സർക്കാർ വെബ്സൈറ്റ് വഴി ഇ-ടെണ്ടർ ക്ഷണിക്കണം. ഈ പദ്ധതിയുടെ കാര്യത്തിൽ ഇ-പ്രോക്യൂർമെന്റ് അനിവാര്യമാണെന്ന കാര്യം ഏവർക്കും അറിവുള്ളതാണെന്നിരിക്കെ അപ്രകാരം ചെയ്യാതെ സാധാരണ ടെണ്ടർ രീതി അവലംബിച്ചത് പൊതു താല്പര്യം മുൻനിർത്തിയല്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്തിലെ എല്ലാത്തരം വാങ്ങലുകളും പ്രോക്യൂർമെന്റ് മാന്വലിലെയും, സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾക്കനുസൃതമായിരിക്കുന്നതിന് മേലിൽ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

## 1-34 തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് പരിപാലനം ഇല്ലാതെ മുടങ്ങി കിടക്കുന്നു

2018-19 വർഷം എസ്.ബി.എം. ഗ്രാമീൺ വിഹിതം ഉപയോഗിച്ച് സ്ഥാപിച്ച തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ കേന്ദ്രം തുടർ പരിപാലനം ഇല്ലാതെ ഉപയോഗശൂന്യമായ നിലയിലാണെന്ന് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. തുടർ നടത്തിപ്പും പരിപാലനവും നടത്തേണ്ട പഞ്ചായത്ത് അക്കാര്യത്തിൽ വീഴ്ചവരുത്തിയതിനാൽ പൊതു ഖജനാവിൽനിന്നും ചെലവഴിച്ച 233929 രൂപ ഫലത്തിൽ പാഴായ സ്ഥിതിയിലാണ്.

പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ കൊടുമൺ ഗ്രാമപഞ്ചായത്തിലെ ചന്ദനപ്പള്ളി പി.എച്ച്.സി-യിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് ഭരണസമിതി തീരുമാനിച്ചത്. ആയത് പ്രകാരം ശുചിത്വ മിഷനിൽനിന്നും സാങ്കേതികാനുമതിയും സമ്പാദിച്ചിരുന്നു. നിർവ്വഹണ ഏജൻസിയായ ഐ.ആർ.ടി.സി-യുമായുള്ള എഗ്രിമെന്റിലും പദ്ധതി പ്രദേശം ചന്ദനപ്പള്ളി പി.എച്ച്.സി.എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ പിന്നീട് ഇത് കൊടുമൺ സ്റ്റേഡിയത്തിന് സമീപം പഞ്ചായത്ത് വക ബസ്ബേയുടെ പിൻഭാഗത്തായി സ്ഥാപിക്കുകയാണുണ്ടായത്. പ്രോജക്ടിന് ശുചിത്വ മിഷൻ വിഹിതം 210000 രൂപയും, തനത് ഫണ്ട് 40000 രൂപയും ഉൾപ്പടെ ആകെ 250000 രൂപയായിരുന്നു അടങ്കൽ വകയിരുത്തിയിരുന്നത്. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ആയിരുന്നു. നിർമ്മാണ പ്രവൃത്തി ഉൾപ്പെടുന്ന മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അസി.എഞ്ചിനീയർ ആയിരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതൊഴിച്ചാൽ പ്രവൃത്തിയുടെ നിർവ്വഹണവും ബില്ല് തയ്യാറാക്കി പണം നൽകലും ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിലെ എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ല നടന്നിട്ടുള്ളത്. ഈ പ്രോജക്ടിന്റെ നിർവ്വഹണം സെക്രട്ടറി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

പദ്ധതിയുടെ ഭാഗമായി GI Sheet മേഞ്ഞ ഒരു ഷെഡും, രണ്ട് എയറോബിക് ബിന്നുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. കൊടുമൺ മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന മാലിന്യം വാഹനത്തിൽ സംസ്കരണ കേന്ദ്രത്തിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഇതിനായി വാഹനം ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ തുകയായ ലോഡ് ഒന്നിന് 400 രൂപ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സുധീഷ് എസ്. എന്നയാളിന്റെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ യൂണിറ്റിന്റെ തുടർനടത്തിപ്പും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി

കണ്ടില്ല. പൊതു ഖജനാവിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച നിർമ്മിച്ച എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് ഒരു നിഷ്ക്രീയ ആസ്തിയായി പരിണമിച്ചിരിക്കുകയാണ്.



പ്ലാന്റിന്റെ തുടർ പരിപാലനത്തിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് ഓഡിറ്റ് വിശദീകരണം തേടിയെങ്കിലും ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. കൊട്ടമൺ മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പഞ്ചായത്തിൽ മറ്റ് സംവിധാനങ്ങൾ നിലവിലില്ല. മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വൻതുക മുടക്കി പഞ്ചായത്ത് മുമ്പ് സ്ഥാപിച്ചിരുന്ന ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തന രഹിതമാണ്. ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ സാഹചര്യത്തിൽ ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച ഖരമാലിന്യ സംസ്കരണ സംവിധാനം പരിപാലിക്കാതിരിക്കുന്നത് പൊതു താല്പര്യത്തിന് വിരുദ്ധമാണ്. ഖരമാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-35 അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആറ് അങ്കണവാടികളുണ്ട്. വാടക നൽകാൻ സാമൂഹ്യനീതി വകുപ്പിൽനിന്ന് പ്രതിമാസം 1000രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഏതാനും അങ്കണവാടികൾക്ക് ഉയർന്ന നിരക്കിലുള്ള വാടക കൊടുക്കേണ്ടിവരുന്നു. 3000 രൂപവരെ വാടകയുള്ള കെട്ടിടങ്ങളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം | യഥാർത്ഥ വാടക | വകുപ്പ് നൽകുന്നത് | കുറവ് |
|---|---|---|---|
| 102 | 2000 | 1000 | 1000 |
| 103 | 1000 | 800 | 200 |
| 107 | 3000 | 1000 | 2000 |
| 111 | 1500 | 1000 | 500 |

സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർതന്നെ വഹിക്കുകയാണെന്ന് ഐസിഡിഎസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു.

"വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് " എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2/2011/ത.സ്വ.ഭ.വ തീയതി 22.03.2011 നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ

പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പുപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 500000 | കാർഷിക വിഭവങ്ങളുടെ മൂല്യ വർദ്ധനവും വിപണവും | 500000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 107060 | കാട്ടുപന്നി ശല്യത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം | 107060 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 480000 | ലൈഫ് മിഷൻ (പട്ടികജാതി) | 480000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 100000 | പകൽവീടിന് അനുബന്ധ സൗകര്യമൊരുക്കൽ | 100000 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 204800 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 204800 | 0 |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 102123 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 102123 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | കാർഷിക വിഭവങ്ങളുടെ മൂലവർദ്ധനവും വിപണനവും | 500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 182420 | നെൽകൃഷി വികസനം | 182420 | 0 |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1214380 | നെൽകൃഷി വികസനം | 1214380 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | ഇടവിള കൃഷി (പട്ടികജാതി) | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | ഇടവിള കൃഷി (ജനറൽ) | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 142747 | കാട്ടുപന്നി ശല്യത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം | 142747 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 490949 | പാലിയേറ്റീവ് കെയർ | 490949 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻ (ജനറൽ) | 1000000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3500000 | ലൈഫ് മിഷൻ (പട്ടികജാതി) | 3500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 550000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 550000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 412626 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 412626 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 68743 | പൊതു ടോയ്‌ലറ്റ് സ്ഥാപിക്കൽ - തുടർപ്രവർത്തനങ്ങൾ | 68743 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 498960 | അംഗൻവാടി നമ്പർ 91 നിർമ്മാണം | 498960 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ഗതാഗത തടസ്സമായിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി | 210503520151014445238/24.3.2022-50000/- & 210503520151014445247/24.3.2022 - 148622/- | 198622 | 0 | 198622 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ (186/22) | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി *സ.ഉ (കൈ.) 68/2018 /ത.സ്വ.ഭ.വ. തീയതി 18.5.2018* | 6400000 | 4522665 | 1554666 | 0 | 2967999 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11566 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2020-21 | 1-20 | 11566 | ശ്രീ. ജോഷ്വ ജേക്കബ്, സെക്രട്ടറി | 121020900001/28.9.2020 |
| | ആകെ | 11566 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2018-19 | 1-20 | 2019-20 | 3.1.2 | എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ - | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പ്രോജക്ട് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല, ടെണ്ടർ ക്ഷണിക്കാതെ അമിതവില നൽകി ലൈറ്റുകൾ വാങ്ങി | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 133752786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101697128 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ/പി2/181/04, തീയതി 6.1.2005 | 2 |
| 1999-00 | എൽ.എഫ്.പിറ്റിഎ/പി2/224/04 തീയതി 3.2.2005 | 5 |
| 2000-01 | എൽ.എഫ്.പിറ്റിഎ/പി2/535/04 തീയതി 3.3.2005/13.3.2005 | 8 |
| 2001-02 | എൽ.എഫ്.പിറ്റിഎ/പി2/550/04 തീയതി 3.3.2005 | 3 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി2/818/04 തീയതി 6.4.2005 | 1 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി2/272/05 തീയതി 24.1.2006 | 7 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പിറ്റിഎ/പി10/1137/07 തീയതി 6.12.2008 | 6 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി10/708/09 തീയതി 25.3.2010/ 15.7.2011 | 6 |
| 2006-07 | എൽ.എഫ്.പിറ്റിഎ/പി10/838/10 തീയതി 11.1.2013 | 7 |
| 2007-08 | എൽ.എഫ്.പിറ്റിഎ/പി10/766/11 തീയതി 15.1.2013 | 4 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ/പി10/505/13 തീയതി 17.12.2013/ 7.1.2014 | 10 |
| 2011-12 | എൽ.എഫ്.പിറ്റിഎ/പി10/505/13 തീയതി 17.12.2013/ 18.1.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ/പി10/1086/14 തീയതി 6.5.2015/ 8.5.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ/പി10/456/15 തീയതി 7.7.2015/ 21.7.2015 | 22 |
| 2014-15 | കെ.എസ്.എ.പിറ്റിഎ/പി10/745/16 തീയതി 16.7.2016 | 4 |
| 2015-16 | കെ.എസ്.എ.പിറ്റിഎ./പി10/95/17 തീയതി 31.3.2018 | 2 |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി10/984/17 തീയതി 14.09.2017 | 2 |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി10/1298(എ)/18 തീയതി 16.10.2018 | 4 |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി10/783/19 തീയതി 10.10.2019 | 7 |
| 2019-20 | കെ.എസ്.എ.പിറ്റിഎ. പി10/603/21 തീയതി 29.9.2021 | 12 |
| 2020-21 | കെ.എസ്.എ.പിറ്റിഎ. പി10/604/21 തീയതി 30.9.2021 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്